## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6349.** **20.11.2019 ൽ മറുപടിയ്ക്ക്**

### കളള് പരിശോധിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.വി.ഇബ്രാഹിം | | ശ്രീ.ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കളള് പരിശോധിക്കുന്നതിനുളള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | പ്രിവന്റീവ് ഓഫീസർമാർ മുതൽ മുകളിലോട്ടുള്ള എക്സൈസ് ഉദ്യോഗസ്ഥർ അവരവരുടെ അധികാര അതിർത്തിയിലുള്ള കള്ളുഷാപ്പുകളിൽ നിന്നും ചെത്ത് തോട്ടങ്ങളിൽ നിന്നും കള്ളിന്റെ സാമ്പിൾ ശേഖരിക്കുന്നുണ്ട്. ടി സാമ്പിളുകൾ രാസപരിശോധനയ്ക്ക് അയക്കുകയും റിപ്പോർട്ട് വരുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.<br>എക്സൈസ് വകുപ്പിന്റെ കീഴിൽ മൂന്ന് മേഖലകളിലായി മൂന്ന് മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി ലാബുകൾ മുഖേന തത്സമയം കള്ള് പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |
| (ബി) | വാഹനങ്ങളിൽ കൊണ്ടുപോകുന്ന കളള് പരിശോധിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയാണ്; ഇവർ അനുവർത്തിക്കേണ്ട പരിശോധനാരീതി, യൂണിഫോം തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ; | (ബി) | എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള എക്സൈസ് ഉദ്യോഗസ്ഥരോ ടി ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന ജീവനക്കാരോ വാഹനങ്ങളിൽ കൊണ്ടുപോകുന്ന കള്ള് പരിശോധിക്കുന്നുണ്ട്. ചിറ്റൂരിൽ നിന്നും ഇന്റർ ഡിവിഷൻ കള്ള് അളന്ന് തിട്ടപ്പെടുത്തുന്നുണ്ട്. കള്ള് പരിശോധന സമയത്ത് ഉദ്യോഗസ്ഥർ യൂണിഫോം ധരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | ചുമതലപ്പെടുത്താത്ത എക്സൈസ് | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ഉദ്യോഗസ്ഥർ ആലപ്പുഴ ജില്ലയിൽ അനുമതിയില്ലാതെ കള്ള് പരിശോധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | എങ്കിൽ അനധികൃത പരിശോധന നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടിയും പരിശോധന നടത്താനിടയായ സാഹചര്യവും വിശദമാക്കാമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ